[Mr. Speaker]

The next business is the presentation of the Report of the Select Committee on the Travancore-Cochin Temple Entry (Removal of Disabilities) Bill.

The Travancore-Cochin Temple Entry (Removal of Disabilities) Bill

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): സർ, ടെമ്പിൾ എൻട്രി (റിമൂവൽ ഓഫ് ഡിസബിലിറ്റീസ്) ബില്ലിന്റെ സെലക്ട് കമ്മിറ്റി റിപ്പോർട്ട് ഈ സഭയുടെ പരിഗണനക്കായി ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. ഇതിൽ ആദ്യത്തെ ബില്ലിൽനിന്നും ചില വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്. ആദ്യം തന്നെ ഈ ബിൽ വാദവിഷയമായിട്ടുണ്ടെങ്കിലും സെലക്ട് കമ്മിറ്റി അംഗങ്ങളിൽ ചിലർ ചില വാദങ്ങൾ പുറപ്പെടുവിച്ചതിനെ ആസ്പദമാക്കിയാണ് ആ വ്യത്യാസങ്ങൾ വരുത്തിയിട്ടുള്ളത്. ഇതിലെ ക്ലാസ് 2-ലെ കടുവിലത്തെ ഭാഗം എടുത്തുകളഞ്ഞിട്ടുണ്ട്. ക്ലാസ് 4-ൽതന്നെ ആ സംഗതിയെപ്പറ്റി പ്രത്യേകം വ്യവസ്ഥയുള്ളതുകൊണ്ടും ക്ലാസ് 2-ൽ ഉള്ളത് അവിടെ ആവശ്യമില്ലെന്നുള്ള ബോദ്ധ്യമായതുകൊണ്ടുമാണ് സെലക്ട് കമ്മിറ്റി അതെടുത്തുകളഞ്ഞിട്ടുള്ളത്. ശിക്ഷ നിശ്ചയിക്കുന്ന കാര്യത്തിലും ചില വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്. ബഹു. പട്ടം താണുപിള്ള അവർകളും മറ്റംഗങ്ങളും നിർദ്ദേശിച്ചതുപോലെ തടവുകൂടി ശിക്ഷയായി നിശ്ചയിച്ചിട്ടുണ്ട്. അതുപോലെതന്നെ രണ്ടാമത്തെ ശിക്ഷയിൽ സാമ്പത്തികമായ കൂട്ടിയിട്ടുണ്ട്. കൂടാതെ രൂപകളെ സംബന്ധിച്ചും ചില പ്രത്യേക വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്. ഇങ്ങനെ സാരമായിട്ടുള്ള ചില വ്യത്യാസങ്ങളാണ് ഇതിൽ വരുത്തിയിട്ടുള്ളത്. പിന്നെ ക്ലാസ് 5-നെ സംബന്ധിച്ചും ചില വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്. അതു സാരമായിട്ടുള്ള വ്യത്യാസങ്ങളല്ല. ഇങ്ങനെ ചില വ്യത്യാസങ്ങളോടുകൂടി അവതരിപ്പിച്ചിട്ടുള്ള ഈ സെലക്ട് കമ്മിറ്റി റിപ്പോർട്ടിനെ ഈ സഭയിൽ പരിഗണനയ്ക്കെടുക്കുകയും വാദപ്രതിവാദങ്ങൾ ആരംഭിക്കുകയും ചെയ്യണമെന്നപേക്ഷിക്കുന്നു.

Minister for Finance and Revenue **(Sri. A. J. John):** I second it.

The motion was adopted and the Bill was taken into consideration.

Clause 2

Sri. Sree V. Das: Sir, I move: in Clause 2, sub-section (1), in line 5, after "tanks' delete 'and' and after 'mantapams' add 'wells' and 'theerthathurais'.

இந்தக் கிளாசில்

'temple" means a place, by whatever name known, which is dedicated to, or for the benefit of, or used as of right by, the Hindu community or any section there of, as a place of public religious worship; and includes subsidiary shrines as well as tanks and mantapams appurtenant or attached to such place;

என்று கூறப்பட்டிருக்கிறது. என்னுடைய திருத்தம், கிணறுகளையும் தீர்த்തத്തുറைകളെയും உட்படுத்தவேண்டுமென்பதேயாகும். இதில் விசேடமான கருத்து வேற்றுமை இருக்காது என்று நினைக்கிறேன். எனெனில் பிரஸ்தாப கிளாசில், பொது ஆராதனை ஸ்தலங்கள் என்பதுடன், உபதேவாலயங்கள், குளங்கள், மண்டபங்கள் முதலியன சேர்க்கப்பட்டிருக்கின்றன. நான் கூறும் திருத்தம் கிணறுகள், தീർത്തத്തുറൈകൾ உட்படவേണ്ടുമെന്നതു. குளங்கள், மண்டபங்கள், உபதேவாலயங்கள் எவ்வளவு பிரதானமுள்ளனவோ அதேபடி, கிணறுகளும் தീർത്തத്തുറൈകളും பிரதானமுடையன என்பது ஒவ்வொரு ஹிந்துவும் அறிந்தனுபவித்த உண்மை. ஆகவே எனது இத்திருத்தம்,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ ഈഭേദഗതിയെ എതിർക്കുന്നു. ഇങ്ങനെ ഒരു ഭേദഗതിയുടെ ആവശ്യമില്ലാത്തതുകൊണ്ടാണ് ഞാൻ എതിർക്കുന്നത്. ക്ലാസ് 11, സബ്ക്ലാസ് വ (എ) വായിച്ചുനോക്കിയാൽ ഇങ്ങനെ ഒരു ഭേദഗതിയുടെ ആവശ്യമില്ലെന്നു വളരെ പ്രത്യക്ഷമായി കാണാവുന്നതാണ്. ആ സബ്ക്ലാസ് ഇങ്ങനെ വായിക്കാം:

"the right to bathe in, or use the waters of, any sacred tank, well, spring or water course appurtenant to the temple, whether situated within or outside the precincts thereof" ഇങ്ങനെ ഒരു വ്യവസ്ഥയുള്ളതുകൊണ്ട് ഈ ഭേദഗതിയുടെ ആവശ്യമില്ല.

The amendment was put and lost.

Sri. Sree V. Das: I move:

Clause 2, sub-section (7), in line 3, after 'tanks', add 'wells and theerthathurais'.

ശ്രീ. ടി. കെ. നാരായണപിള്ള: മുൻ ഭേദഗതിയെ എതിർത്ത കാരണങ്ങളാൽതന്നെ ഞാൻ ഈ ഭേദഗതിയേയും എതിർക്കുന്നു.

The amendment was put and lost.

The question that clauses 2, 3 and 4 stand part of the Bill was put and carried.

Clauses 2, 3 and 4 were added to the Bill.

Sri. A. K. Patchu Pillai: Sir, I move: In clause 5, line 6, delete 'sole' between the words 'the' and 'grounds'. 'സോൾ' എന്നുള്ളതു് ആവശ്യമില്ലാതെ ചേർത്തതാണെന്നു വിശ്വസിക്കുന്നു. അങ്ങനെ ഒരു വാക്കു് അവിടെ കിടക്കുകയാണെങ്കിൽ ദുർവ്യാഖ്യാനത്തിനിടയാകും. ഒരാൾ ഹിന്ദുവാണെന്നുള്ള ഏകകാരണത്താൽ എന്നു പറയുകയാണെങ്കിൽ ഹിന്ദു എന്നുള്ളതിന്റെകൂടെ മറ്റൊരു കാരണംകൂടി ചേരുകയാണെങ്കിൽ അതു ശരി എന്നൊരു ധ്വനിയുണ്ടു്. അതു് എടുത്തുകളയുകയാണെങ്കിൽ അങ്ങനൊയാരു വ്യാഖ്യാനത്തിനു് ഇടവരുകയില്ല.

ശ്രീ. ടി. കെ. നാരായണപിള്ള: അതു് അവിടെ കിടക്കുന്നതുകൊണ്ടു വലിയ ദോഷമില്ലെങ്കിലും ദുർവ്യാഖ്യാനത്തിനിടയാകുമെന്നു ബഹു. മെമ്പർക്കു സംശയമുള്ളതുകൊണ്ടു് ആ ഭേദഗതി സ്വീകരിക്കുന്നതിൽ എനിക്കു വിരോധമില്ല.

The amendment was accepted by the House.

The question that clause 5, as amended, stand part of the Bill was put and carried.

Clause 5, as amended, was added to the Bill.

Clause 6

Sri. A. K. Pachu Pillai: Sir, I move: In clause 6, line 3 delete the word 'Government' and substitute 'the Travancore or Cochin Devaswom Board, as the case may be.'

ഇതു് മൌലികമായ ഒരു ഭേദഗതിയായിട്ടുതന്നെ ഞാൻ വിചാരിക്കുന്നു. കാരണം ഇപ്പോൾ ഇരിക്കുന്നതനുസരിച്ചു് ഏതെങ്കിലും ഒരു തക്കം വരുകയാണെങ്കിൽ ആ തക്കം കോടതിയുടെ അധികാരത്തിനു് വിട്ടുകൊടുക്കുന്നതുവരെ തീർച്ചചെയ്യുന്നതിനുള്ള ചുമതല ഗവൺമെന്റിനാണു് കൊടുത്തിട്ടുള്ളതു്. അങ്ങനെ ഗവൺമെണ്ടിനു കൊടുത്തിട്ടുള്ള ആ ഭാരം എടുത്തു് ദേവസ്വം ബോർഡിനെതന്നെ ഏല്പിക്കണമെന്നാണു് എന്റെ ഭേദഗതിയുടെ സാരം. മൌലികമായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

[Sri A. K. Patchu Pillai]

തത്വത്തിനെ ആസ്പദമാക്കിയാണു് ഞാൻ ഈ ഭേദഗതി ഹാജരാക്കിയിരിക്കുന്നതെന്നു് പറയുകയുണ്ടായി. അതിന്റെ കാരണം ഇങ്ങനെയുള്ള സംഗതികളിൽ, അതായതു് മതസംബന്ധമായ സംഗതികളിൽ നിവൃത്തിയുള്ളിടത്തോളം അധികാരം ഗവണ്മെണ്ടു് എടുത്തു് അതിലെ കക്ഷികളുടെ വികാരപരമായ കാര്യത്തിൽ ഒരു തീരുമാനം ചെയ്യാതിരിക്കുകയായിരിക്കും ഉത്തമമായിട്ടുള്ളതു്. ഒരു സെക്കുലർ സ്റ്റേറ്റാണെന്നു് ഭരണഘടനയിൽ നാം പ്രഖ്യാപനം ചെയ്തിരിക്കുന്ന സ്ഥിതിക്കു് രണ്ടു കക്ഷികൾ തമ്മിൽ ഒരു ആരാധനസ്ഥലത്തെ സംബന്ധിച്ചു് തർക്കമുണ്ടാകുമ്പോൾ അതൊരു ക്ഷേത്രമാണൊ അല്ലയോ എന്നുള്ള കാര്യം തീരുമാനിക്കുന്നതിനുള്ള ചുമതല ക്ഷേത്രങ്ങളുടെ ഭരണം നടത്തുന്നതിനു് ഒരു സമിതിയെ അംഗീകരിച്ചിരിക്കുന്ന നിലയ്ക്കു് അവർക്കുതന്നെ വിട്ടുകൊടുക്കണമെന്നാണു് ഞാൻ പറയുന്നതു്. അതല്ലാത്തപക്ഷം അതിൽനിന്നും ആവശ്യമില്ലാത്ത പല ദുർഘടപ്രശ്നങ്ങളും ഉത്ഭവിക്കുന്നതിനു് ഇടയുണ്ടു്. അതുകൊണ്ടു് ഈവക സംഗതികളെ സംബന്ധിച്ചിടത്തോളം ഗവണ്മെണ്ടു നിയമപ്രകാരം അംഗീകാരം കൊടുത്തിരിക്കുന്ന ദേവസ്വം ബോർഡിനു് അധികാരം വിട്ടുകൊടുക്കണം. അവസാന തീരുമാനം ചെയ്യുന്നതിനുള്ള അധികാരം കോടതിക്കുണ്ടു്. അങ്ങനെ അവസാന തീരുമാനം ഉണ്ടാകുന്നതുവരെ ആരാണു് തീരുമാനിക്കേണ്ടതെന്നാണു് പ്രശ്നം. ആ അധികാരം ഗവണ്മെണ്ടിനു് വിട്ടുകൊടുക്കുകയാണെങ്കിൽ എല്ലാജാതി മതസ്ഥന്മാരും ഉപേക്ഷിക്കാവുന്ന ഒരു കമ്മ്യൂണിറ്റി ഇക്കാര്യങ്ങളിൽ ഒരു തീരുമാനമെടുക്കുമ്പോൾ അതു് ഏതെങ്കിലും ഒരു കക്ഷിയുടെ വികാരത്തെ വ്രണപ്പെടുത്തുന്ന ഒന്നായിരുന്നേയ്ക്കാം. അതുകൊണ്ടാണു് ഗവണ്മെണ്ടു ഈ ചുമതല ഏറ്റെടുക്കേണ്ട കാര്യമില്ലെന്നു് ഞാൻ പറയുന്നതു്. ഈ മാസക്കാലത്തേയ്ക്കാണു് ഈ അധികാരം വച്ചിരിക്കുന്നതു്. അതായതു് ഒരു സിവിൽകോടതിയുടെ തീരുമാനം ഉണ്ടാകുന്നതുവരെ ഉള്ള കാലത്തേയ്ക്കാണു്. ഒരു സെക്കുലർ സ്റ്റേറ്റ പ്രഖ്യാപനം ചെയ്തിരിക്കുന്ന സ്ഥിതിക്കു് ഗവണ്മെണ്ടു ഈവക സംഗതികളിൽ യാതൊരു ബന്ധവുമില്ലാത്ത തരത്തിൽ ഒഴിഞ്ഞുമാറി നിൽക്കണം. കൊച്ചിയിലും തിരുവിതാംകൂറിലും ഓരോ ബോർഡുകൾ പ്രത്യേകം അതാതു സ്ഥലങ്ങളിലെ പൂജാദികാര്യങ്ങളും മറ്റും പരിശോധിച്ചുനോക്കുന്നതിനു് ഉണ്ടാക്കിയിട്ടുണ്ടു്. ആവക കാര്യങ്ങൾ നോക്കേണ്ട ചുമതല ദേവസ്വം ബോർഡിനായതുകൊണ്ടു് അതിനോടു ബന്ധപ്പെട്ടുന്ന ഒരു കാര്യത്തിലേയ്ക്കു ഞാൻ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെ സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. സി. സി. പ്രസാദ്: ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നു.

ശ്രീ. പി. കെ. ഡീവർ: ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു. ഒരു വലിയ തെറ്റിദ്ധാരണയിൽനിന്നാണു് ഈ ഭേദഗതി ഉണ്ടായതെന്നു ഞാൻ വിശ്വസിക്കുന്നു. ഇതു ക്ഷേത്രങ്ങളുടെ ഉടമസ്ഥതയെപ്പറ്റി തീരുമാനിക്കുന്നതിനുള്ള ഒരു കാര്യമല്ല. വെറും ഒരു വ്യാഖ്യാനത്തെ മാത്രം സംബന്ധിക്കുന്ന ഒരു കാര്യമാണു്. അതുകൊണ്ടു ഇതു ദേവസ്വം ബോർഡിനു തീരുമാനിക്കാൻ വിട്ടുകൊടുത്തുകൂടാ. ഒരു ക്ഷേത്രം എന്നു പറയുന്നതു ഈ നിയമത്തിന്റെ വ്യാഖ്യാനത്തിൽ പെടുന്ന ഒരു ക്ഷേത്രമായി വരുമോ എന്നുള്ളതു ദേവസ്വം ബോർഡു തീരുമാനിക്കേണ്ട ഒരു കാര്യമല്ല. ദേവസ്വങ്ങളെ സംബന്ധിച്ചുള്ള ഭരണം മാത്രമാണു ദേവസ്വം ബോർഡിന്റെ ചുമതല. ഈ ഗവണ്മെണ്ടു ഏതെങ്കിലും ഒരു ക്ഷേത്രം, നിയമപ്രകാരം ക്ഷേത്രത്തിന്റെ പരിധിയിൽ ഉൾപ്പെട്ടതെന്നോ ഇല്ലെന്നോ ഒരു തീർപ്പു കൽപിക്കുന്നതു ഹിന്ദുക്കളുടെ മാനസികമായ വികാരത്തെ വ്രണപ്പെടുത്തുമെന്നു വിചാരിക്കുന്നതു വെറും തെറ്റിദ്ധാരണകൊണ്ടുമാത്രമാണു്. ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവമ്മെണ്ടിനു ആവശ്യമായ നിയമസഹായം നൽകുന്നതിനു് ലീഗൽ അഡൈ്വസേഴ്സുണ്ടു്. ആ ലീഗൽ അഡൈ്വസേഴ്സിനോടു ആലോചിച്ചാണു് ഗവമ്മെണ്ടു ഇക്കാര്യങ്ങളം തീരുമാനിക്കുന്നതു്. ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളെ സംബന്ധിച്ചു ചിലപ്പോൾ ഒരു തീർപ്പു കൽപ്പിക്കേണ്ടിവരും. അതുകൊണ്ടു അങ്ങനെ ദേവസ്വം ബോർഡിനു ആ അധികാരം കൊടുക്കുവാൻ പാടില്ല. അതു വളരെ വിഷമങ്ങളം ഉണ്ടാക്കുന്ന ഒരു കാര്യമാണു്. ഈവക കാര്യങ്ങളം ഈ നിയമസഭയ്ക്കു യാതൊരുവിധമായ നിയന്ത്രണവുമില്ലാത്ത ദേവസ്വംബോർഡിനെ ഏല്പിക്കുന്നതു അപകടകരമായ ഒരു കാര്യവുമാണു്. അതുകൊണ്ടു ഈ വക അവകാശങ്ങളം ഈ നിയമസഭ ഗവമ്മെണ്ടിനു മാത്രമേ കൊടുക്കുവാൻ പാടുള്ളു. ദേവസ്വം ബോർഡിനു ആ അധികാരം കൊടുക്കുന്നതു തെറ്റാണു്. ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

Sri. P. Balakrishnan Tampi : I rise to oppose the amendment moved by my friend, Sri. Patchu Pillai. For one thing it would be embarrassing to the Devaswom Board if they were asked to adjudicate whether a particular place would come within the definition of 'temple'. The definition given in this Act is very comprehensive ; it would include not only places of worship and shrines, but even tanks and mandapams. Let us take, for instance, the mosque at Erumeli where pious Hindus who go to Sabarimalai on pilgrimage often go to worship some deity there. It would certainly be very embrrassing to the Devaswom Board if they asked to settle whether it is a temple or a mosque. The Devaswom Board has been given certain definite, statutory powers in regard to the management of the temples. To invest it with judicial powers would not be proper, for it has no machinery to enforce its decision even supposing it is invested with such powers. Moreover, as far as I am aware, the Devaswom Board does not aspire to come into coflict with the jurisdiction of the State. Therefore, this amendment instead of bringing credit or prestige to the Board, would only hamper its work and embarrass the Board. Now let us take for example, the rest houses in the State on the wayside from Trivandrum to Nagercoil. Is it desirable to leave the question whether those rest houses are places of worship to be decided by the Devaswom Board ? I would not agree to that, however ardent a Hindu I may be. I cannot subscribe to the proposition that the Devaswom Board should be invested with the powers which the Executive in the country should exercise. A period should be fixed, say within six months, and any party aggrieved with the decision of Government, may question it in a Court of law. It is only an interim arrangement. Therefore I believe that the amendment that has been brought forward with the very commendable motive, to keep up the privileges of the Hindus, does not serve any purpose.

Sri. A. Thanu Pillai: I support the amendment moved by Sri. Patchu Pillai.

Sri. P. Balakrishnan Tampi : As in duty bound.

Sri. A. Thanu Pillai: Not to a greater extent than Mr. Tampi is in duty bound, or even otherwise, to support the Congress Government.

Whatever that may be my grounds are these. No doubt the best provision would have been to leave the matter solely to a Court. When a dispute relating to property, or anything akin to a property or a question relating to a right arises. normally the authority to decide that dispute is the Court. But it will take time. Probably the idea behind this provision is that there should be as speedy a decision as possible because this relates to religion and worship. Some intermediary may give a decision temporarily until the Court has time to inquire in the matter and decide the issue finally, Left to myself, I would have invested the Court alone with this power. Anyway there is a provision in regard to that and this question is not to be canvassed now, because the present dispute is whether it is the Government

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. Thanu Pillai]

or the Devaswom Board that should be invested with this power. It is a matter that has to be decided if any question arises whether a place is a temple or not. In this Bill it is provided that the question shall be referred to the Government; and the amendment says that it may be referred to the Devaswom Board. Anyway the matter in dispute will be whether a particular place is a temple or not. And then a temple, under the definition, is any place to which Hindus or any section of Hindus has access. The first question to be decided will be whether it is a temple and secondarily whether it is an institution of the kind to which Hindus or a section of Hindus have access. Now Sir, probably it may be said that the Devaswom Board is not a religious body; it is only a board for the administration of religious institutions but then they are invested with powers to deal with all matters affecting the management, running and other matters relating to temples. Therefore they should naturally have their own advisors for they would have occasions to refer matters of religion to men competent to do so. Therefore it is not a matter which the Board cannot deal. There Mr. Tampi and the other friends are not in the right. The Devaswom Board must certainly take advice and they must certainly have advisers.

Sri. P. Balakrishnan Tampi: Is the Hon'ble Member defending the rights of all citizens of the State when he says that the Devaswom Board should be invested with the powers of deciding whether a particular place is a temple or not.

Sri. A. Thanu Pillai: I do not understand. Whether all questions should be decided by the Devaswom Board or not does not arise here. Here is a simple question whether a place should be declared a temple or not. We have already legislated a provision for the purpose. Here a narrow issue arises in regard to that provision: as between the Government and the Devaswom Board. I should think such matters should be left to the Boards for if they can be given powers to deal with all matters generally in regard to temple, why not give them powers in this small matter too? There are, for instance, the powers given to the Board under the Hindu Religious Endowments Act. Under that Act, the Board have to decide whether a particular place is a temple and whether they can take on the management: Compared with those powers, this is only a small issue. And the best body, at any rate, the better body of the two is the Board.

Again it was urged that the Government will have a Legal Adviser which the Board will not have. Certainly the Board should have a legal Adviser. The question therefore is not very relevant. The amendment only intends that the Government should not interfere too much in the administration of the temples by the Board. That is also the basis on which the Hindu Religious Endowment Act works. Therefore I support the amendment and I hope the Government will find no difficulty in this matter because the final decision is, at any rate, with Government. The decision of the Board will certainly be covered by the general law.

Sri. P. Balakrishnan Tampi: May I ask the honourable member whether the Rabbi of the Mattancherry Synagogue may be given the power to declare whether any place is a Synagogue or not?

Sri. A. Thanu Pillai: That question does not arise here. When the Rabbi question arises, I will answer it.

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. എതിർക്കുന്നതിനുള്ള കാരണങ്ങളിൽ ചിലതു് എന്റെ ബഹുമാന്യ സ്നേഹിതന്മാർ ഇവിടെ പറഞ്ഞുകഴിഞ്ഞു. ശ്രീമാൻ താണുപിള്ള അവർകളുടെ വാദങ്ങളിൽ ഒന്നു് ശരിയെങ്ങാണെങ്കിൽ അത്യാവശ്യത്തിൽ അതിനുള്ള അവസാന തീരുമാനം ചെയ്യുന്നതിനുള്ള സാദ്ധ്യതകൂടി ഇല്ലാ എന്നു പറഞ്ഞു.

ശ്രീ. എ. താണുപിള്ള: ഞാൻ അങ്ങിനെ അല്ല പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടാമതു പറഞ്ഞതു് ദേവസ്വം ബോർഡിനു് എതായാലും വളരെ വിപുലമായ അവകാശങ്ങളും അധികാരങ്ങളും കൊടുത്തിട്ടുള്ളതുകൊണ്ടു് വീണ്ടും ഇതുംകൂടി കൊടുക്കുന്നതു് വളരെ എളുപ്പമായിരിക്കുമെന്നാണു്. ഏതായാലും ഈ ഗവമ്മെണ്ടിനെപ്പറ്റിയുള്ള വാദം അദ്ദേഹം പുറപ്പെടുവിച്ചിട്ടില്ല എന്നു പറയുന്നതുകൊണ്ടു് അതിനു സമാധാനം പറയേണ്ട ആവശ്യമില്ല. വിപുലമായ അധികാരങ്ങൾ കൊടുത്തിട്ടുള്ളതുകൊണ്ടാണു് ഈ മാതിരി കാര്യങ്ങളിലെങ്കിലും ഗവമ്മെണ്ടിനു ചില അധികാരങ്ങൾ ആവശ്യമാണെന്നു തോന്നിയിട്ടുള്ളതു്. അതായതു് എല്ലാ ഹിന്ദുസമുദായത്തിൽപ്പെട്ടവർക്കും പ്രവേശനമുള്ള ഒരു ക്ഷേത്രത്തിൽ ഒരു ഹിന്ദുവിനു് പ്രവേശനം നിഷേധിക്കപ്പെടുന്നതായാൽ ആ നിഷേധിക്കപ്പെടുന്ന വ്യക്തി ആരാണോ അയാളുടെ പേരിൽ ക്രിമിനലായുള്ള അധികാരങ്ങൾ നടത്തുന്നതിനുള്ള അവകാശം ഇപ്പോഴും ദേവസ്വം ബോർഡിനുണ്ടു്. അതിനെ താൽക്കാലികമായിട്ടെങ്കിലും തീരുമാനിക്കുന്നതിനുള്ള അധികാരം ഗവമ്മെണ്ടിനാണു് വേണ്ടിയിരിക്കുന്നതു്. അതുകൊണ്ടാണു് ഞാൻ ഇതിനെ എതിർക്കുന്നതു്. മാത്രമല്ല പ്ലേസസ് ഓഫ പബ്ലിക്ക് വർഷിപ്പിനെ സംബന്ധിച്ചു ഇതുവരെയുള്ള തീരുമാനങ്ങളും ഗവമ്മെണ്ടതന്നെയാണു് ചെയ്തുവരുന്നതു്. അതുകൊണ്ടു് ഈ അധികാരം ദേവസ്വം ബോർഡിൽ നിക്ഷിപ്തമാക്കിയാൽ ബാക്കിയുള്ള സമുദായക്കാരും ഈ അവകാശങ്ങളും അവർക്കു ലഭിക്കണമെന്നു് ആവശ്യപ്പെടുന്നതാണു്.

ഏതു സ്ഥലത്താണു് പള്ളികളും വയ്ക്കേണ്ടതു് സെമറ്ററികളും ഉണ്ടാകേണ്ടതു് എന്നുംമറ്റും നിശ്ചയിക്കുന്നതിനുള്ള അവകാശം പള്ളികളുടെ ട്രസ്റ്റിമാരുടെ ഒരു കൗൺസിലിനു് വേണമെന്നുള്ള ഒരു വാദം അവർ പുറപ്പെടുവിക്കുകയാണെങ്കിൽ ഗവമ്മെണ്ടു് അതും സ്വീകരിക്കേണ്ടിവരും. ഇങ്ങനെ പല കാരണങ്ങളാൽ ഈ ഭേദഗതി സ്വീകരിക്കാൻ നിവൃത്തിയില്ല. എന്നുമാത്രമല്ല ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം ദേവസ്വം ബോർഡ് ഒരു തല്പരകക്ഷിയായിരിക്കും. ഒരു ക്ഷേത്രം എന്താണെന്നു്, അല്ലെങ്കിൽ ക്ഷേത്രത്തിന്റെ നിർവ്വചനം എന്തായിരിക്കണമെന്നു് നിശ്ചയിക്കുന്നതിനുള്ള അവകാശം ദേവസ്വം ബോർഡിനു വിടുകയാണെങ്കിൽ ഒരു തല്പരകക്ഷി എന്ന നിലക്കുള്ള ഒരു തീരുമാനമെടുക്കുന്നതിനുമാത്രമേ ദേവസ്വംബോർഡിനു് സാധിക്കുകയുള്ളു. ഒരു നിഷ്പക്ഷനിലപാടു സ്വീകരിക്കാൻ ഒരു തല്പരകക്ഷി എന്ന നിലക്കു് ദേവസ്വം ബോർഡിനു് സാധ്യമല്ല. ഗവമ്മെണ്ടിനായിരിക്കും നിശ്ചയമായും നിഷ്പക്ഷമായ ഒരു നിലപാടു സ്വീകരിക്കാനുള്ള സാദ്ധ്യത. അതുകൊണ്ടു് ഭേദഗതിയെ എതിർക്കുന്നു.

ശ്രീ. എ. താണുപിള്ള: ഒരു പാർട്ടി ഗവമ്മെണ്ടിനേക്കാൾ നിഷ്പക്ഷമായ ഒരു നിലപാടു സ്വീകരിക്കാൻ ദേവസ്വം ബോർഡിനായിരിക്കും കൂടുതൽ സാദ്ധ്യത എന്നു് ഗവമ്മെണ്ടു് വിചാരിക്കുന്നില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

The amendmet was put and lost.

The question that clause 6 stand part of the Bill was put and carried.

Clause 6 was added to the Bill.

Clause 7

Sri. A. Achuthan: Sir, I move.—

"In clause 7, sub-clause (1), in line 7, delete "simple", in line 8, delete "one" and substitute "three"; add "s" to "month", and in line 9, delete "one hundred" and substitute "two hundred and fifty".

Sri. T. K. Narayana Pillai: I accept that amendment.

LIBRARY ARCHIVES Kerala Legislative Assembly

Sri. A. Thanu Pillai: Still it has to be fully moved so that it may come into the proceedings.

Sri. A. Achuthan: Sir, the amended portion of the Clause would read like this.—

".....shall be punishable, in the case of the first offence, with imprisonment which may extend to *three* months or with fine which may extend to *two hundred and fifty rupees*, or with both, and in the case of a second or subsequent offence, with imprisonment which may extend to six months or with fine which may extend to five hundred rupees, or with both."

ശ്രീ. ടി. കെ. നാരായണപിള്ള : ഈ ഭേദഗതി സ്വീകരിക്കുന്നതിനു് വിരോധമില്ലെന്നു് ഞാൻ പറഞ്ഞുകഴിഞ്ഞു.

The question whether the amendment may be accepted was put and carried.
The amendment was adopted.

The question that Clause 7, as amended, stands part of the Bill was put and carried.

Clause 7, as amended, was added to the Bill.

Clause 8.

The question whether Clause 8 stands part of the Bill was put and carried.

Clause 8 was added to the Bill.

Clause 9.

Sri. A. Thanu Pillai: Sir, I move.—

"In clause 9, delete the words, the Executive Officer of the said temple with the provious sanction of".

The effect of this amendment on the provision would be like this.—

"Provided that in the case of the Sree Padmanabha Swami Temple, such rules may be made by the Ruler of Travancore".

Sri. T. K. Narayana Pillai: I accept that amendment.

The question whether the amendment may be accepted was put and carried.

The amendment was adopted.

The question that Clause 9, as amended, stands part of the Bill was put and carried.

Clause 9, as amended, was added to the Bill.

Clause 10.

Amendment No. 17.

Sri. A. K. Patchu Pillai: Sir, I move:

"In clause 10, para 2, line 1, delete the word "in" and substitute the word "under".

പ്രൊക്ലമേഷനിൽതന്നെ ഇങ്ങനെ ഒരു സംഗതി ചേർത്തിട്ടുണ്ടെന്നുള്ള ധാരണയിലാണു് "in" എന്ന വാക്കു് ഉപയോഗിച്ചിരിക്കുന്നതു്. എന്നാൽ ആ സംഗതി പ്രൊക്ലമേഷനിൽ ഇല്ല. പ്രൊക്ലമേഷനിൽ ഉള്ള അധികാരം വച്ചുകൊണ്ടു് പിന്നീടാണു് റൂളുകൾ ഉണ്ടാക്കിയിട്ടുള്ളതു്. അതുകൊണ്ടു് 'in' എന്ന വാക്കു് ഉപയോഗിക്കുന്നതു ശരിയായിരിക്കുകയില്ല. അതു മാറി 'under' എന്നാക്കണമെന്നാണു് എന്റെ ഭേദഗതി. ഇതു സ്വീകരിക്കണമെന്നു് അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Sri. T. K. Narayana Pillai : I accept that amendment.

The question whether the amendment may be accepted was put and carried.

The amendment was adopted.

The question that Clause 10, as amended, stands part of the Bill was put and carried.

Clause 10 as amended was added to the Bill.

Title.

The question that the Title stands part of the Bill was put and carried.

The Title was added to the Bill.

Preamble.

The question that the preamble stands part of the Bill was put and carried.

The Preamble was added to the Bill.

Sri. T. K. Narayana Pillai : Sir, I submit that the Third Reading of the Bill may be had tomorrow as there are some formal amendments to be made.

The Travancore-Cochin Revenue Enquiries and Summons Bill

Minister for Finance and Revenue **[Sri. A. J. John]:** Sir, I beg to submit the report of the Select Committee on the Travancore-Cochin Revenue Enquiries and Summons Bill and move that the Bill as revised by the Select Committee may be taken up for consideration.

Chief Minister **[Sri. T. K. Narayana Pillai] :** I second it.

ശ്രീ. എ. ജെ. ജോൺ: സെലക്ട് കമ്മിറ്റിയിൽനിന്നും ഈ ബില്ലിൽ പറയത്തക്കതായ യാതൊരു ഭേദഗതിയും വരുത്തിയിട്ടില്ല. പുതുതായി ഒരു ചെറിയ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടുതലായി ഇതിനെപ്പറ്റി എനിക്കൊന്നും പറയുവാനില്ല.

The Bill was taken into cousideration

Clause 2.

Sri. A. K. Patchu Pillai: Sir, I move:

"Delete the proviso to Clause 2."

ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് എനിക്കു ചില പ്രധാന സംഗതികൾ ചൂണ്ടിക്കാണിക്കുവാനുണ്ട്. ഈ ഭേദഗതിക്ക് അനുബന്ധമായിത്തന്നെ ഞാൻ 8-ാമത്തെ ക്ലാസിനു മറ്റൊരു പ്രധാന ഭേദഗതി ഹാജരാക്കിയിട്ടുണ്ട്. ഈ ക്ലാസിന്റെ പ്രൊവൈസോ എടുത്തുകളയണം എന്നാണ് എന്റെ ഭേദഗതി. ഇതിന്റെ പ്രൊവൈസോ ഇങ്ങനെയാണ്:

"Provided that a Collector or a Deputy Collector or a Tahsildar or a Deputy Tahsildar shall not have such power except in regard to persons who ordinarly reside within the local area of his jurisdiction."

ഇതനുസരിച്ച് തിരുവനന്തപുരം താലൂക്കിന്റെ അതൃത്തിയിൽ താമസിക്കുന്ന ഒരാളിനു നെയ്യാറ്റിൻകര താലൂക്കിൽ ഒരു വസ്തു ഉണ്ടെന്നു വിചാരിക്കുക. ആ വസ്തുവിനോടു തൊട്ടുകിടക്കുന്നതായ ഏതെങ്കിലും പുറമ്പോക്കു സ്ഥലത്തേയോ പുരാവൽസ്ഥലത്തേയോ സംബന്ധിച്ച് ഒരു കേസ് ഉണ്ടായിച്ച് അതിന്റെ വിചാരണ നടന്നുകൊണ്ടിരിക്കയാണെങ്കിൽ നെയ്യാറ്റിൻകര തഹ

LIBRARY ARCHIVES Kerala Legislative Assembly